പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*271 20/06/2018-ൽ മറുപടിക്ക്

## സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.പി. ഉണ്ണി** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| (എ) | ആരോഗ്യ സേവനത്തെ വ്യവസായമാക്കി മാറ്റിയ സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളെ നിയന്ത്രിക്കാനായി സർക്കാർ കൊണ്ടുവന്ന നിയമം പ്രാബല്യത്തിലാക്കാനായി ചട്ടം രൂപീകരിച്ചിട്ടുണ്ടോ; | എ) | കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018-ന് ചട്ടം രൂപീകരിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. |
| ബി) | ആശുപത്രികൾ നൽകേണ്ട സേവനത്തിന് നിലവാരവും അതിനായി ഈടാക്കാവുന്ന തുകയും നിശ്ചയിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; | ബി) യും സി) യും | സർക്കാർ, സ്വകാര്യ ആശുപത്രികൾ ലാബോറട്ടറികൾ എന്നിവയെ നിയന്ത്രിക്കുകയും അവയെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ അലോപ്പതി, ആയുർവേദം, ഹോമിയോ തുടങ്ങിയ എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ആശുപത്രികളെയും ലാബോറട്ടറികളെയും നിയന്ത്രിക്കാനുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിന് നിയമസഭ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത ആക്ട് വിഭാവനം ചെയ്തിട്ടുള്ള പോലെ ആശുപത്രികളെ കാറ്റഗറൈസ് ചെയ്യാനും, ഓരോ കാറ്റഗറികളെയും മിനിമം സ്റ്റാൻഡേർഡ് ശുപാർശ ചെയ്യാനുമായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ ആശുപത്രികളും കൈവരിക്കേണ്ട മിനിമം ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതാണ്. കിടത്തി ചികിത്സ അടക്കമുള്ള ആശുപത്രികളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ സ്റ്റേറ്റ് കൗൺസിൽ, നടപ്പിലാക്കാൻ |
| സി) | ചികിത്സാനിരക്ക് നിശ്ചയിക്കുന്നതുകൊണ്ടുള്ള ലാഭക്കുറവ് നികത്താനായി ചികിത്സ തേടിയെത്തുന്നവരെ അനാവശ്യ ടെസ്റ്റുകൾക്കു വിധേയരാക്കുകയും ആവശ്യമില്ലാത്ത മരുന്നുകൾ നൽകുകയും ചെയ്ത് ലാഭമുണ്ടാക്കാനുള്ള സാധ്യത ഒഴിവാക്കാനായി | | |

| | | | |
|---|---|---|---|
| | ത്രിതലങ്ങളിലുമുള്ള സർക്കാർ ആശുപത്രികളെ നവീകരിച്ച് ഉന്നത നിലവാരത്തിലുള്ള സേവനം നൽകാൻ പ്രാപ്തമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | | ഡിസ്ട്രിക്ട് റെഗുലേറ്ററി അതോറിറ്റി, മാനദണ്ഡങ്ങൾ പരിശോധിക്കാൻ എംപാനൽ ചെയ്തിട്ടുള്ള അസസ്സർമാർ എന്നിവർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന്റെ ഭാഗമായി നിലവിൽ വരുന്നതാണ്. കൂടാതെ താഴെപറയുന്ന നടപടികളും കൈക്കൊണ്ടിട്ടുണ്ട്.<br>1. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കൽ<br>2. ജില്ലാ / താലൂക്ക്തല ആശുപത്രികൾ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളോടെ ശക്തിപ്പെടുത്തൽ<br>3. പ്രധാന സർക്കാർ ആശുപത്രികളിൽ ഒ.പി. വിഭാഗത്തിലെ സൗകര്യങ്ങൾ വികസിപ്പിച്ച് രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടി.<br>4. ചികിത്സാ മാർഗ്ഗരേഖകളുടെയും, പ്രോട്ടോക്കോളുകളുടെയും അടിസ്ഥാനത്തിൽ ശാസ്ത്രീയമായ ചികിത്സ ലഭ്യമാക്കൽ.<br>5. സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ KIIFB വഴിയും സംസ്ഥാന പ്ലാൻ ഫണ്ട്, NHM NABARD, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴിയും വികസിപ്പിക്കൽ.<br>6. കാത്ത് ലാബ്/ഡയാലിസിസ് യൂണിറ്റുകൾ എന്നിവ പുതുതായി ആരംഭിക്കുകയും, ആധുനിക ആശുപത്രി ഉപകരണങ്ങളും, മെഷീനറിയും ലഭ്യമാക്കലും<br>7. ഇലക്ട്രോണിക് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഫീൽഡ്തല ആരോഗ്യ വിവരങ്ങളും, ആശുപത്രികൾ കേന്ദ്രീകരിച്ചുള്ള മെഡിക്കൽ റിക്കോർഡുകളും, ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിനുമായുള്ള ഇ-ഹെൽത്ത് പ്രോഗ്രാം |

സെക്ഷൻ ഓഫീസർ